പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2415

13.02.2013- ലെ മറുപടിയ്ക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം

ശ്രീമതി കെ.കെ. ലതിക

ഉത്തരം

ശ്രീ. കെ.എം. മാണി

(ബഹു. ധനകാര്യവും

നിയമവും ഭവന നിർമ്മാണവും

വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | സഹകരണമേഖലയിലെ പെൻഷൻ പദ്ധതി പോലെ സംസ്ഥാന സർക്കാർ സർവ്വീസിൽ ചേരുന്നവർക്ക് പൂർണ്ണമായും സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ഒരു പെൻഷൻ ബോർഡു വഴി പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ഇല്ല |
| (ബി) | സംസ്ഥാന ജീവനക്കാരുടെ സേവന-വേതന-പെൻഷൻ വ്യവസ്ഥകൾ ഭരണഘടന പ്രകാരം സ്റ്റേറ്റ് ലിസ്റ്റിൽ വരുന്നതാണോയെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നു നൽകേണ്ട പെൻഷനുകളും ഭരണഘടന പ്രകാരം സ്റ്റേറ്റ് ലിസ്റ്റിൽ വരുന്നതാണ്. |
| (സി) | പി . എഫ്. ആർ . ഡി . എ. ബിൽ നിയമമായി കഴിഞ്ഞാൽ സ്വന്തമായ സേവന -വേതന-പെൻഷൻ പദ്ധതി ജീവനക്കാർക്കുവേണ്ടി ആവിഷ്ക്കരിക്കുവാൻ സംസ്ഥാനത്തിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ? | പി.എഫ്.ആർ.ഡി.എ. ബിൽ നിയമമായി കഴിഞ്ഞാലും സംസ്ഥാന ജീവനക്കാർക്കുവേണ്ടി സ്വന്തമായ സേവന-വേതന-പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുവാൻ ഭരണഘടനപരമായി സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ.